**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 94** **26.02.2018-ൽ മറുപടിയ്ക്ക്**

## കൊച്ചി മെട്രോയുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി മെട്രോ ട്രെയിൻ പദ്ധതി ലാഭകരമായാണോ പ്രവർത്തിച്ച വരുന്നത്; | (എ) | അല്ല. |
| (ബി) | രാജ്യത്തെ മറ്റ് മെട്രോകൾ ടിക്കറ്റ് ഇതര വരുമാനത്തിലൂടെ ലാഭമുണ്ടാക്കുമ്പോൾ അത്തരം വരുമാനം കൊച്ചി മെട്രോക്ക് ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പരിഹാര മാർഗ്ഗങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. യാത്രേതര സ്രോതസ്സുകളിലൂടെ വരുമാനം കണ്ടെത്തുന്നതിന്റെ ഭാഗമായി മെട്രോയുടെ തൂണുകളിലും മീഡിയനുകളിലും പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് കരാർ നൽകിയിട്ടുണ്ട്. നാഷണൽ ഹൈവേ അതോറിറ്റിയുടെ പരിധിയിൽ വരുന്ന ഭാഗങ്ങളിൽ പരസ്യം പ്രദർശിപ്പിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ച വരുന്നു. മെട്രോ സ്റ്റേഷനുകളിലും ട്രെയിനുകളിലും പരസ്യം പ്രദർശിപ്പിക്കുവാനും സ്റ്റേഷനുകളിലുള്ള സ്ഥലസൗകര്യം വാണിജ്യാവശ്യങ്ങൾക്കായി വാടകയ്ക്ക് നൽകുവാനും ഉദ്ദേശിക്കുന്നു. കൂടാതെ, ടിക്കറ്റ് ഇതര വരുമാനം ലക്ഷ്യമിട്ട് പ്രോപ്പർട്ടി ഡെവലപ്മെന്റിലൂടെ പാർപ്പിട-വാണിജ്യ സമുച്ചയങ്ങൾ നിർമ്മിച്ച് വിൽക്കുന്ന പദ്ധതിക്കായി കൊച്ചി മെട്രോ സമർപ്പിച്ച നിർദ്ദേശത്തിന്മേൽ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിൽ കാക്കനാടുള്ള 17.315 ഏക്കർ ഭൂമി വിട്ടു നൽകുന്നത് സർക്കാർ പരിശോധിച്ച് വരികയാണ്. |

| | | | |
|---|---|---|---|
| (സി) | കൊച്ചി മെട്രോയുടെ ദൂരം ദീർഘിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ? | (സി) | കൊച്ചി മെട്രോയുടെ Phase I A-യുടെ ഭാഗമായി തൃപ്പൂണിത്തുറ പേട്ട മുതൽ എസ്.എൻ ജംഗ്ഷൻ വരെയുള്ള പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഡിസംബർ 2021-ൽ നിർമ്മാണം പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.<br>ജവഹർലാൽ നെഹ്രു സ്റ്റേഡിയം മുതൽ ഇൻഫോപാർക്ക് വരെയുള്ള കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ഘട്ടം II, 2577.25 കോടി രൂപ ചെലവിൽ നടപ്പാക്കുവാൻ സംസ്ഥാന സർക്കാർ അനുമതി നൽകിയിരുന്നു. ഇതിന്റെ ഭാഗമായുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. എന്നാൽ, മെട്രോ റെയിൽ പോളിസി 2017-ലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഘട്ടം II-ന്റെ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) മാറ്റം വരുത്തി പുന:സമർപ്പിക്കുവാൻ കേന്ദ്രസർക്കാർ നിർദ്ദേശിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ